ജൂൺ 2024

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

രാജ്യത്തിന്റെ പൊതു തിരഞ്ഞെടുപ്പ് സമാധാനപരമായി അവസാനിക്കുവാനും പുതിയ ഒരു സർക്കാർ അധികാരത്തിൽ വരുവാനും വേണ്ടി നാം പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുകയാണല്ലോ. നമ്മുടേതുപോലെ ബൃഹത്തായ ഒരു രാജ്യത്ത് സങ്കീർണ്ണങ്ങളായ നിരവധി പ്രശ്നങ്ങൾ ഉണ്ടെന്ന് നമുക്കറിയാം. വൈവിധ്യങ്ങൾ നിറഞ്ഞ ഈ പ്രദേശത്തിന്റെ ബഹുസ്വരത ഏത് ഭരണകൂടവും ഗൗരവമായി കാണേണ്ടതാണ്. വിവിധ ജാതി മതസ്ഥർക്ക് സമാധാനപൂർവ്വം ജീവിക്കുവാനും അവരുടെ കഴിവുകളും സാധ്യതകളും വികസിപ്പിക്കുവാനുമുള്ള സാഹചര്യങ്ങൾ ആവശ്യമാണ്. വിഭവശേഷി ഏറെ നമ്മുടെ രാജ്യത്തുണ്ടെങ്കിലും ദാരിദ്ര്യത്തിലും അരക്ഷിതാവസ്ഥയിലും ജീവിക്കുന്ന ആളുകളും നമുക്ക് ചുറ്റുമുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്ന, ഏറ്റവും ചെറിയ മനുഷ്യനെപ്പോലും കരുതുന്ന ഒരു ഭരണക്രമം നിലവിൽ വരണമേ എന്ന് നമുക്ക് ആഗ്രഹിക്കാം, പ്രാർത്ഥിക്കാം.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരവസ്ഥ ഭീതിജനകമായ ഒരു യാഥാർത്ഥ്യമായി നാം ഇന്നനുഭവിക്കുന്നു. കേരളം പോലെ മിതമായ കാലാവസ്ഥ അനുഭവിച്ചു പരിചയിച്ച സ്ഥലങ്ങൾ ഏപ്രിൽ - മെയ് മാസങ്ങളിൽ കഠിനമായ ചൂടിൽ തിളച്ചുമറിയുകയായിരുന്നു. അതേസമയം മരുഭൂമിയെന്നറിയപ്പെട്ടിരുന്ന അറേബ്യൻ രാജ്യങ്ങളിൽ, പ്രത്യേകിച്ചു ദുബായ് പോലെയുള്ള സ്ഥലങ്ങളിൽ വെള്ളപ്പൊക്കവും. കൃഷി നാശവും, തൊഴിലില്ലായ്മയും, ജനങ്ങളുടെ കൂട്ട പലായനവും, ഭക്ഷ്യ സാധനങ്ങളുടെ ദുർലഭ്യതയും ജനത്തെ വലച്ചു. ആഗോളതാപനവും കാലാവസ്ഥ വ്യതിയാനവും വരുത്തിവയ്ക്കുന്ന ഭീകരമായ അനുഭവങ്ങൾ ജനജീവിതം ദുസ്സഹമാക്കുന്നു. മനുഷ്യ വംശം മാത്രമല്ല പ്രത്യുത സകല ജീവജാലങ്ങളും ഇതിന്റെ പ്രതിസന്ധികളെ അഭിമുഖീകരിക്കാനാവാതെ ഉഴലുന്ന നേർകാഴ്ചകളാണ് നമുക്കു ചുറ്റും. പ്രകൃതിയുടെ മേലുള്ള കടന്നുകയറ്റത്തിന് പ്രേരകമാകുന്ന സാമൂഹ്യ പരിസരത്തിലാണ് നാം ജീവിക്കുന്നത്. അധിനിവേശത്തിന്റെയും, സാമ്രാജ്യത്വത്തിന്റെയും, ആധുനീകവത്കരണത്തിന്റെയും, പുരുഷാധിപത്യത്തിന്റെയും, ജാതിവ്യവസ്ഥയുടെയും മൂല്യങ്ങൾ കൂടിക്കലരുന്ന സാമൂഹ്യ പരിസരമാണിത്. ഇവിടെ മണ്ണും മനുഷ്യനും ജീവജാലങ്ങളും സസ്യലതാതികളും ഒരുമിച്ചുള്ള പാരസ്പരികതയുടെ ബാലപാഠങ്ങൾ നിരന്തരം ഉരുവിടേണ്ടിയിരിക്കുന്നു. അപരിഷ്കൃതർ എന്ന് പരിഷ്കൃത സമൂഹം വിലയിരുത്തുന്ന അടിസ്ഥാന ജനവിഭാഗങ്ങളുടെ ജൈവീക ജീവിതാനുഭവങ്ങൾ നമ്മുടെ ഉത്തരവാദിത്വമില്ലാത്ത ജീവന വ്യവസ്ഥക്കൊരു മറുകുറിയാകണം. ആഗോള പരിസ്ഥിതി ദിനമായി ജൂൺ മാസം 5-ാം തീയതി വേർതിരിച്ചിരിക്കുന്നുവല്ലോ. ദൈവീക സൃഷ്ടിയുടെ പരിപാലകർ എന്ന കർത്തൃത്വമല്ല പിന്നെയോ ദൈവീക സൃഷ്ടിയിലെ ഒരു കണ്ണി മാത്രമാണ് നാം എന്ന ചിന്തയുടെ പ്രതിഫലനങ്ങളാണ് നമ്മുടെ പ്രവർത്തിയിൽ ഉണ്ടാവേണ്ടത്.

'ബ്രിട്ടീഷ് രാജ്' എന്ന പദപ്രയോഗം നമുക്ക് സുപരിചിതമാണ്. കൊളോണിയൽ കാലഘട്ടത്തിലെ സൂര്യനസ്തമിക്കാത്ത രാജ്യം എന്ന ഖ്യാതി നേടിയ ബ്രിട്ടന്റെ കിരാത ഭരണ ക്രമത്തെയാണ് ഈ വാക്കിലൂടെ പ്രതിഫലിപ്പിക്കുന്നത്. ഈ അടുത്ത കാലത്തു ശ്രദ്ധയിൽപ്പെട്ട മറ്റൊരു പ്രയോഗമാണ് 'ബില്യണയർ രാജ്' (The Billionaire Raj). അതായത് കോടീശ്വരന്മാരുടെ ഭരണം എന്ന് പരിഭാഷപ്പെടുത്താം. ഫിനാൻഷ്യൽ ടൈംസിന്റെ മുംബൈ ബ്യൂറോ ചീഫായി അഞ്ച് വർഷം ഇന്ത്യയിൽ ചെലവഴിച്ച എഴുത്തുകാരനും പത്രപ്രവർത്തകനുമായ ജെയിംസ് ക്രാബ്ട്രീ ആണ് ഈ വാക്ക് നമ്മെ പരിചയപ്പെടുത്തുന്നത്. ഇപ്പോൾ സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയിലെ ലീ കുവാൻ യീ സ്കൂൾ ഓഫ് പബ്ലിക് പോളിസിയിൽ അസോസിയേറ്റ് പ്രൊഫസറായ അദ്ദേഹം എഴുതിയ പുസ്തകത്തിന്റെ തലക്കെട്ട് തന്നെ ഇതാണ്; 'The Billionaire Raj: A Journey through India's New Gilded Age'. കഴിഞ്ഞ രണ്ട് ദശകങ്ങളിൽ ഇന്ത്യ അഭൂതപൂർവമായ വളർച്ച കൈവരിച്ചു എന്ന് നാം വാദിക്കുമ്പോഴും ദശലക്ഷക്കണക്കിന് ആളുകൾ ഇപ്പോഴും രാജ്യത്തെ മഹാനഗരങ്ങളുടെ തിങ്ങിനിറഞ്ഞ ചേരികളിൽ കുടുങ്ങിക്കിടക്കുന്നു എന്ന യാഥാർഥ്യത്തെ ഉയർത്തികാണിക്കുകയാണ് ഈ പുസ്തകം.

ഫോബ്സ് 2024-ലെ ലോക ശതകോടീശ്വരന്മാരുടെ പട്ടിക പ്രകാരം, 2024-ൽ ഇന്ത്യയ്ക്ക് 200 ശതകോടീശ്വരന്മാരുടെ റെക്കോർഡ് സംഖ്യയുണ്ട്. അത്യാധുനിക സമ്പന്നരുടെ ഏറ്റവും ഉയർന്ന കേന്ദ്രീകരണത്തിന് ആഗോളതലത്തിൽ മൂന്നാം സ്ഥാനത്താണ് നാം. ജിഡിപിയുടെ അടിസ്ഥാനത്തിൽ ഇന്ത്യ ലോകത്ത് അഞ്ചാം സ്ഥാനത്താണ്, ഏറ്റവും വേഗത്തിൽ വളരുന്ന

പ്രധാന സമ്പദ്‌വ്യവസ്ഥ എന്ന പെരുമയുമുണ്ട് നമ്മുടെ രാജ്യത്തിന്. എന്നാൽ ജിഡിപി വളർച്ചയ്ക്കിടയിൽ വരുമാനത്തിന്റെയും സമ്പത്തിന്റെയും കാര്യത്തിൽ രാജ്യത്തിനുള്ളിലെ അസമത്വം വർദ്ധിച്ചു എന്ന സത്യം നാം കാണാതെ പോകരുത്. ജനസംഖ്യയുടെ ഏറ്റവും ഉയർന്ന വരുമാനമുള്ള 10 ശതമാനം ആളുകൾക്ക് രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ 57 ശതമാനം ലഭിക്കുന്നു. വളരുന്ന വർഗീയതയുടെയും ജാതീയതയുടെയും ജ്വലിക്കുന്ന പശ്ചാത്തലത്തിൽ, അധികാരം അരക്കിട്ടുറപ്പിക്കുമ്പോൾ ജനസംഖ്യയുടെ ഏറ്റവും ദരിദ്രരായ പകുതിയോളം വരുന്ന 670 ദശലക്ഷം ഇന്ത്യക്കാരുടെ സമ്പത്തിൽ 1% വർധന മാത്രമേ ഉണ്ടായിട്ടുള്ളൂ എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ഈ അസമത്വത്തിന്റെ വിവരണം ഒരുതെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലാണ് മനസ്സിലാക്കേണ്ടത്. ഏതു പാർട്ടി പുതിയ മന്ത്രിസഭ രൂപീകരിച്ചാലും ഈ അസമത്വത്തെ നേരിടുവാനുള്ള പദ്ധതികൾ വിഭാവനം ചെയ്തേ മതിയാകൂ. വർധിച്ചുവരുന്ന അസമത്വം അശാന്തിക്ക് കാരണമാകും എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം ധനത്തിന്റെ പൊതു വിതരണം നീതിപൂർവ്വമാക്കുവാനുള്ള സാദ്ധ്യതകൾ പരിശോധിച്ച് പുതിയ നികുതി സമ്പ്രദായം രൂപപ്പെടുത്തിയെ മതിയാകൂ. ഉയർന്ന നികുതി സമ്പ്രദായങ്ങളിലൂടെ സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നതിനു പകരം അതിസമ്പന്നരും കോർപറേറ്റുകളും കൂടുതൽ നികുതി നൽകുന്ന വ്യവസ്ഥ രൂപപ്പെടേണ്ടിയിരിക്കുന്നു.

ഹമാസിനെതിരെ എന്ന പേരിൽ ഇസ്രായേൽ നടത്തുന്ന സൈനീക നടപടികൾ ഏറെ ഹിംസാത്മകമാകുന്നതിൽ ദുഖിക്കുന്നു. ഗാസയിൽ ഉടനടി വെടിനിർത്തൽ ആവശ്യപ്പെടുന്ന യുണൈറ്റഡ് നേഷൻസിന്റെ ആവർത്തിച്ചുള്ള അപേക്ഷകൾ ഇസ്രായേൽ തള്ളിക്കളയുന്നു. ഒരു ജനതയുടെ പൊതുവികാരം മാനിക്കാതെ എല്ലാം വെട്ടിപ്പിടിച്ചേ മതിയാകു എന്ന് ചിന്തിക്കുന്നത് എങ്ങനെയാണ് ന്യായീകരിക്കുവാൻ സാധിക്കുക? എല്ലാത്തരം അധിനിവേശങ്ങളെയും ഹിംസകളെയും എതിർക്കുവാനും സ്നേഹത്തിന്റെ കൂട്ടവകാശികളാകുവാനും നമുക്ക് കഴിയണം. ലോക സമാധാനത്തിനായി തുടർന്നും നമുക്ക് പ്രാർത്ഥിക്കാം.

ജൂൺ ആദ്യവാരം കേരളത്തിലെ സ്കൂളുകൾ തുറക്കുകയാണല്ലോ. ഭാരതത്തിലെ മറ്റുപല സംസ്ഥാനങ്ങളിലും അധ്യയന വർഷം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ചില രാജ്യങ്ങളിൽ ചില മാസങ്ങൾ കൂടി കഴിയുമ്പോളാണ് പുതിയ അധ്യയന വർഷം ആരംഭിക്കുന്നത്. ഈ അധ്യയന വർഷം പഠനം ആരംഭിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും അനുമോദിക്കുന്നു. ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കുന്ന നവാഗതർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു. ഇന്ത്യയിലെ വിദ്യാഭ്യാസരംഗം സമൂല മാറ്റത്തിനു വിധേയമാകുന്ന ഒരുകാലഘട്ടമാണിത്. പുതിയ വിദ്യാഭ്യാസ നയരേഖാനുസൃതമായിട്ടാണ് പല കോഴ്സുകളിലും പ്രവേശനം നടക്കുന്നത്. ചില രാഷ്ട്രീയ മതപരമായ ലക്ഷ്യങ്ങൾ പുതു വിദ്യാഭ്യാസ നയ രേഖയിൽ ഉൾക്കൊണ്ടിട്ടുണ്ട് എന്ന വിമർശനം നിലനിൽക്കുമ്പോൾ തന്നെ മാർക്കുകൾ വാങ്ങിക്കൂട്ടുന്ന യന്ത്രങ്ങൾക്കപ്പുറമായി സമൂഹത്തിന്റെ കെട്ടുപണിയിൽ പ്രധാന പങ്കു വഹിക്കേണ്ട ഒരു തലമുറയെ വാർത്തെടുക്കുവാനാണ് വിദ്യാഭ്യാസം ലക്ഷ്യമിടേണ്ടത്. ഒരു കാലത്ത് സഭയുടെ സാമൂഹ്യ ദൗത്യത്തിന്റെ ഭാഗമായി പള്ളികളോട് ചേർന്ന് ആരംഭിച്ച പള്ളിക്കൂടങ്ങൾ പലതും ഇന്ന് അടച്ചുപൂട്ടപ്പെടുന്നു, അല്ലെങ്കിൽ അടച്ചു പൂട്ടലിന്റെ വക്കിലാണ്. സ്കൂളുകളിൽ മാത്രമല്ല കേരളത്തിലുള്ള കോളജുകളിലും പുതുതായി അഡ്മിഷൻ തേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ട്. സംസ്ഥാനത്തെ ജനസംഖ്യ കുറയുന്നതും കുട്ടികൾ കുറയുന്നതും നമ്മുടെ നിയന്ത്രണത്തിന് അതീതമായ വിഷയങ്ങളായിരിക്കാം. എന്നാൽ വിദ്യാർത്ഥികൾക്ക് അറിവിനോടൊപ്പം മൂല്യബോധവും സാമൂഹ്യ പ്രതിബദ്ധതയും നൽകുവാനുള്ള സഭയുടെ ദൗത്യം തുടർന്നും നിറവേറ്റാൻ നാം ബാധ്യസ്ഥരാണ്.

നമ്മുടെ എം. റ്റി. ആന്റ് ഇ. എ. സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് 10, 12 ക്ലാസ്സുകളിൽ നല്ല വിജയം നേടുവാൻ സാധിച്ചു. ആകെയുള്ള 15 ഹൈസ്കൂളുകളിൽ 13 സ്കൂളുകളും 100 ശതമാനം വിജയം നിലനിർത്തി എന്നത് അഭിമാനകരമാണ്. ബാക്കിയുള്ള രണ്ട് സ്കൂളുകൾ 99. 5 ഉം 97. 86 ഉം വിജയ ശതമാനം കൈവരിച്ചു. കാസർഗോട് മാർത്തോമ്മാ ബധിരവിദ്യാലയം ഈ വർഷവും പ്ലസ് ടു പരീക്ഷയിൽ 100% വിജയം കൈവരിച്ചു എന്നത് അഭിമാനകരമാണ്. തിളക്കമാർന്ന വിജയം സമ്മാനിച്ച കോർപ്പറേറ്റ് മാനേജ്മെന്റിനെയും, എല്ലാ പ്രധാന അദ്ധ്യാപകരെയും, സഹ അദ്ധ്യാപകരെയും, പി. റ്റി. എ കളെയും, അനദ്ധ്യാപകരെയും വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. ഹയർസെക്കൻഡറി വിഭാഗത്തിന്റെ നിലവാരം ഇനിയും ഉയർത്തേണ്ടിയിരിക്കുന്നു. ബോധപൂർവ്വമായ പരിശ്രമങ്ങൾ മാനേജ്മെന്റും അദ്ധ്യാപകരും ചെയ്യുമെന്ന് പ്രതീക്ഷിക്കാം.

തികച്ചും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന നമ്മുടെ സ്കൂളുകളെ എങ്ങനെ പുനരുജ്ജീവിപ്പിക്കാം എന്നത് വളരെ ഗൗരവത്തോടെ നാം കാണേണ്ടിയിരിക്കുന്നു. ഒരുകാലത്ത് വിദ്യാർത്ഥികളുടെ എണ്ണത്തിലും ഗുണപരമായ വിദ്യാഭ്യാസം നല്കുന്നതിലും മുന്നിട്ട് നിന്ന സ്കൂളുകൾക്കാണ് ഇത്തരത്തിൽ ഇപ്പോൾ നിലനിൽപ്പ് പോലും വെല്ലുവിളിയായി മാറിയിരിക്കുന്നത്. സമൂഹത്തെ മുഖ്യധാരയിൽ നിന്ന് നയിച്ചിട്ടുള്ള അനേക മഹാരഥന്മാരെ വാർത്തെടുക്കുന്നതിൽ നമ്മുടെ കലാലയങ്ങൾ വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്. നമ്മുടെ സ്ഥാപനങ്ങളുടെ നിലവാരം കാലഘട്ടത്തിനനുസരിച്ച് ഉയർത്തിക്കൊണ്ടു വരുന്നതിൽ മാനേജ്മെന്റും അദ്ധ്യാപകരും പരാജയപ്പെട്ടിട്ടുണ്ടോ എന്നതും നാം ചിന്തിക്കേണ്ടിയിരിക്കുന്നു. എന്നാൽ അപൂർവ്വം ചിലയിടങ്ങളിലെങ്കിലും പ്രധാന അദ്ധ്യാപകരുടെയോ, സഹഅദ്ധ്യാപകരുടെയോ കൂട്ടായ പരിശ്രമം മൂലം നിലവാരത്തിലും വിദ്യാർത്ഥികളുടെ എണ്ണത്തിലും ഉയർച്ച വന്നിട്ടുണ്ടെന്നുള്ളതും വിസ്മരിക്കുന്നില്ല. നമ്മുടെ മിക്ക സ്കൂളുകളും പ്രാദേശിക ഇടവകകളുമായുള്ള ബന്ധത്തിലാണ് പ്രവർത്തിക്കുന്നത്. സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിൽ സമീപ ഇടവകകൾ മുൻകൈ എടുത്ത് പ്രവർ

ത്തിക്കണം. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും ഗുണനിലവാരം ഉറപ്പാക്കുന്നതിലും വിദ്യാർത്ഥികളുടെ എണ്ണം ഉയർത്തുന്നതിലും കൂടുതൽ ശ്രദ്ധയും കരുതലും നല്കാവുന്നതാണ്. ഈ അദ്ധ്യയന വർഷത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ഏതാനും ചില സ്കൂളുകളെങ്കിലും അത്തരത്തിൽ ഉയർത്തിക്കൊണ്ടുവരുവാൻ മാനേജ്മെന്റിന് ശ്രമിക്കാവുന്നതാണ്.

എക്സൈസ് വകുപ്പിന്റെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കായി ലഹരിവല വിരിയ്ക്കുന്ന മയക്കുമരുന്ന് മാഫിയകൾ സജീവമാകുന്നു എന്ന വാർത്ത പുറത്ത് വരുന്നു. സൗജന്യമായി ലഹരി നൽകി വിദ്യാർത്ഥികളെ അടിമകളാക്കിയശേഷം, ലഹരികടത്താനും, വിൽക്കാനും, ക്രിമിനൽ കുറ്റങ്ങൾക്കും അവരെ ഉപയോഗിക്കുന്ന റാക്കറ്റുകൾ സജീവമാണ്. സൗജന്യമായി ലഭിക്കുന്നതെന്തും വിവേചന ബുദ്ധി കൂടാതെ സ്വീകരിക്കുന്നതിൽ നിന്നും തലമുറയെ ജാഗരൂകരാക്കണം. ആൺ-പെൺ ഭേദമില്ലാതെ കോളേജ് വിദ്യാർത്ഥികളിൽ ലഹരിയുടെ വ്യാപനം വർദ്ധിക്കുന്നതായി റിപ്പോർട്ടുകളുണ്ട്. ഒരിക്കൽ ഉപയോഗിച്ചാൽ ആജീവനാന്തം അടിമകളാകുന്നു എന്നത് ഇതിന്റെ അപകടം വർദ്ധിപ്പിക്കുന്നു. ലഹരിയുടെ വ്യാപനം അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പൂർണ്ണമായും തടയാനാകുന്നുമില്ല. കേരള സർക്കാർ മദ്യനയത്തിൽ ഇളവു വരുത്തുന്നു എന്ന വാർത്തകൾ പ്രചരിക്കുന്നു. ഡ്രൈ ഡേ ഒഴിവാക്കിയും, മദ്യവിൽപ്പന സമയം ദീർഘിപ്പിച്ചും വരുമാനം വർദ്ധിപ്പിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നതെങ്കിൽ അത് കൂടുതൽ അപകടകരമായ സാഹചര്യങ്ങൾക്ക് വഴിവെയ്ക്കും എന്നതിന് സംശയമില്ല. കേരളത്തിലെ ഐ. റ്റി. പാർക്കുകളിൽ മദ്യശാലകൾ ആരംഭിക്കാനുള്ള നീക്കം തൊഴിലിടങ്ങളിലെ സമാധാനാന്തരീക്ഷവും നഷ്ടമാക്കും. ലഹരിയുടെ ലഭ്യത കുറച്ചും, മദ്യവർജ്ജനം ശീലിച്ചും മാത്രമെ നമ്മുടെ തലമുറകളെയും പൊതു സമൂഹത്തെയും വൻ വിപത്തിൽ നിന്നും രക്ഷപെടുത്തുവാൻ സാധിക്കുകയുള്ളു. സർക്കാരും സഭയും സന്നദ്ധസംഘടനകളും ഇതിലേക്ക് ശ്രദ്ധകേന്ദ്രീകരിച്ച് സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന വലിയ വിപത്തിൽ നിന്നും നാടിനെ വിടുവിക്കുവാൻ ഉത്സാഹിക്കണം.

സഭയുടെ അഭയം പദ്ധതിയിൽ 31 വീടുകളുടെ നിർമ്മാണം കൂടി ആരംഭിച്ചു. പുതിയ വീടുകളുടെ അടിസ്ഥാന ശിലകൾ തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ 2024 മേയ് 17ന് മെത്രാപ്പൊലീത്തയും അഭി. ഡോ. യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പൊലീത്തയും ചേർന്ന് ആശിർവ്വദിച്ചു. ആശിർവദിച്ച അടിസ്ഥാന ശിലകൾ ഡോ. യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പൊലീത്താ ഗുണഭോക്താക്കൾക്ക് കൈമാറി. പദ്ധതിയിൽ ഇതുവരെ 60 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി താക്കോൽ കൈമാറി. 30 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. സഭാ ജനങ്ങൾ ഭൂമി സൗജന്യമായി നൽകാൻ മുന്നോട്ടു വന്നതോടെ ഭുമിയില്ലാത്തവർക്കും വാസയോഗ്യമായ വീടെന്ന സ്വപ്നം യാഥാർത്ഥ്യമാകുവാൻ സാഹചര്യമൊരുങ്ങി. 4 ഏക്കറിലധികം ഭൂമി വിവിധ സ്ഥലങ്ങളിലായി ഇതുവരെ സൗജന്യമായി ലഭ്യമായി. സഭാ ജനങ്ങളുടെ അകമഴിഞ്ഞ പിന്തുണയാണ് ചുരുങ്ങിയ നാളുകൾക്കുള്ളിൽ പദ്ധതിക്ക് ലഭിച്ച ജനകീയ പിന്തുണ.

സെമിനാരി വിദ്യാഭ്യാസം പൂർത്തീകരിച്ച് സഭയുടെ വൈദീക സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം പട്ടത്വശുശ്രൂഷയിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുന്ന പ്രീയപ്പെട്ടവരെ പ്രത്യേകം പ്രാർത്ഥനയിലോർക്കാം. ഈ നാളുകൾ പ്രാർത്ഥനയുടെയും ഒരുക്കത്തിന്റെയും ഏറിയ സമർപ്പണത്തിന്റെയും നാളുകളായി വിനിയോഗിക്കുവാൻ നിയോഗിതരാകുന്നവർക്കും ഇടയാകണം. വൈദീക സെമിനാരികളെയും അദ്ധ്യാപകരെയും അവരിലൂടെ സാധ്യമാകുന്ന വിവിധ ശുശ്രൂഷകളെയും പ്രത്യേകം പ്രാർത്ഥനയിലോർക്കാം. വളരെയേറെ വെല്ലുവിളികൾ നിറഞ്ഞ കാലഘട്ടത്തിലൂടെയാണ് നാം എല്ലാവരും കടന്നുപോകുന്നത്. അതിൽ ഏറെ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടവരാണ് ശുശ്രൂഷാസ്ഥാനികൾ. നമ്മെ ഭ്രമിപ്പിക്കാവുന്നതും കടപുഴകിക്കാവുന്നതുമായ സ്വാധീനങ്ങളുടെ മദ്ധ്യത്തിൽ ദൈവകൃപയിൽ അടിസ്ഥാനപ്പെട്ടും, പ്രാർത്ഥനയിലും, തിന്മയോട് തോല്ക്കാതെ നന്മയാൽ തിന്മയെ ചെറുത്തും മുന്നേറുവാൻ സാധിക്കണം. സാക്ഷ്യത്തിന് നിരക്കാത്തതൊന്നും നമ്മിൽ ഉണ്ടാകുവാനിടയാകരുത്. ദൈവം തന്റെ കൃപയാൽ തന്റെ ശരീരമാകുന്ന സഭയിലൂടെ വിലയേറിയതും അതിമഹത്തായതുമായ ശുശ്രൂഷാസ്ഥാനങ്ങൾ നല്കിയിരിക്കുന്നു. അതിനാൽ ലോകത്തിന്റെ മോഹങ്ങളാലുള്ള നാശം വിട്ടൊഴിഞ്ഞ് ദിവ്യസ്വഭാവത്തിന് കൂട്ടാളികളാകുവാൻ നമ്മെത്തന്നെ ദിനംതോറും ഒരുക്കണം. അതുകൊണ്ട് സഹോദരന്മാരെ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പീൻ എന്ന പത്രോസിന്റെ (1:10) പ്രബോധനം അധികം ശ്രദ്ധയോടെ നമുക്ക് കരുതാം.

തലമുറകളെ ദൈവവേലയ്ക്കായി സമർപ്പിക്കുകയും സഭയുടെ പൂർണ്ണസമയ ശുശ്രൂഷയ്ക്കായി അയയ്ക്കുകയും ചെയ്യേണ്ട കടമ നമുക്കുണ്ട്. ഭവനങ്ങളിൽ അവരെ അതിനായി ഒരുക്കേണ്ട ഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്. വളർച്ചയുടെ ഓരോ പടവുകളിലും അവരുടെ നല്ല താല്പര്യങ്ങളും സമർപ്പണവും കെട്ടുപോകാതെ അവരെ വളർത്തിക്കൊണ്ട് വരേണ്ട ചുമതല ഇടവകകൾക്കും വികാരി അച്ചന്മാർക്കും ഉണ്ടെന്നുള്ളതും വിസ്മരിക്കരുത്. കൊമ്പാടി എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, എ. എം. എം. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്, ശിവനാപുരം, സീഹോറ എന്നിവിടങ്ങളിലെ സുവിശേഷക പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേക്ക് തക്കതായ യുവജനങ്ങളെ അയച്ച് പരിശീലിപ്പിക്കുന്നതും ആവശ്യമായ സംഗതിയത്രെ. വിശേഷാൽ വിവിധ പ്രാദേശിക ഭാഷ സംസാരിക്കുന്ന ജനങ്ങളുടെ മദ്ധ്യത്തിൽ അർത്ഥവത്തായ സുവിശേഷ സാക്ഷ്യം നിർവ്വഹിക്കുന്നതിന് അത്തരത്തിൽ മതിയായ പരിശീലനം ലഭിച്ചവരും പ്രാവീണ്യമുള്ളവരും ഉണ്ടാകേണ്ടത് അനിവാര്യതയാണ്. സഭയുടെ ഇത്തരത്തിലുള്ള ആവിശ്യങ്ങളറിഞ്ഞ് സമർപ്പിതരായ പ്രവർത്തകരെ രൂപപ്പെടുത്തുവാൻ ഏവരും കൂട്ടായി പരിശ്രമിക്കണം.

ചർച്ച് ഓഫ് നോർത്ത് ഇന്ത്യയുടെ (സി. എൻ. ഐ) ഒഡീഷയിലെ ഫുൽബാനി ഭദ്രാസന ബിഷപ്പായി റവ. വയലറ്റ് നായക് (55) അവരോധിക്കപ്പെട്ടു. സി. എസ്. ഐ; ആംഗ്ലിക്കൻ സഭകളിൽ ഇതിന് മുമ്പ്തന്നെ വനിതകളെ ബിഷപ്പായി അവരോധിച്ചിട്ടുണ്ട്. സി എൻ ഐ സഭയിൽ ആദ്യമായാണ് ഒരു വനിത ബിഷപ്പാകുന്നത്. സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് മെത്രാപ്പൊലീത്തയായിരുന്ന അത്തനേഷ്യസ് യോഹാൻ പ്രഥമന്റെ നിര്യാണം ഏറെ ദുഖകരമാണ്. ഒരു സുവിശേഷകനായി ജീവിതം ആരംഭിച്ചു. തുടർന്ന് ഒരു സഭയെ കെട്ടുപണിചെയ്യുന്ന നിയോഗം അദ്ദേഹം ഏറ്റെടുത്തു.പാവപ്പെട്ടവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ദേശീയ അന്തർദേശീയ തലങ്ങളിൽ ഒട്ടനവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയും, ആരോഗ്യ - വിദ്യാഭ്യാസ മേഖലകളിലും, സാമൂഹ്യ - സാംസ്ക്കാരിക രംഗങ്ങളിലും തനതായ വ്യക്തിമുദ്ര പതിപ്പിച്ചിക്കുകയും ചെയ്തിട്ടുണ്ട്. മലങ്കര മാർത്തോമ്മാ സഭയുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന മെത്രാപ്പോലിത്തായുടെ വിടവാങ്ങലിൽ സഭയുടെ അനുശേചനം അറിയിക്കുന്നു. മാർത്തോമ്മാ സഭയുടെ സീനിയർ വൈദികനും, കുറ്റപ്പുഴ ജെറുശലേം മാർത്തോമ്മാ ഇടവകാംഗവുമായ ദിവ്യശ്രീ. പി. റ്റി. കോശി കശ്ശീശാ (89) നിര്യാതനായി. അച്ചന്റെയും കുടുംബത്തിന്റെയും ധന്യമായ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും, വേർപാടിന്റെ വേദനയിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്ക് ചേരുകയും സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ജൂൺ മാസ ഞായറാഴ്ച്ചകളിൽ പരിശുദ്ധാത്മ ശക്തിയിൽ സഭ നിർവഹിക്കേണ്ട ദൗത്യ മേഖലകളെക്കുറിച്ച് നാം ധ്യാനിക്കുന്നു. ജൂൺ 2 ഞായർ വിദ്യാലയ വർഷാരംഭ ദിനമാണ്. 'വിവേകത്തിലേക്കു നയിക്കേണ്ട വിദ്യാഭ്യാസം' എന്നതാണ് ധ്യാനവിഷയം. ശലോമോൻ രാജാവ് വിവേകമുള്ള ഒരു ഹൃദയത്തിനു വേണ്ടി പ്രാർത്ഥിച്ചു. അറിവിനെ വിവേകമാക്കി തീർക്കുന്നത് ദൈവ കൃപ ഒന്നു മാത്രമാണ്. വിദ്യാഭ്യാസത്തിന്റെ ആത്മിക അടിത്തറകൾ ബലപ്പെടുത്താൻ സഭ എന്നും പ്രതിജ്ഞാബദ്ധമാണ്. പുതിയ വർഷം വിദ്യാലയങ്ങളിലേക്കു പോകുന്ന കുരുന്നുകളെ നമുക്ക് പ്രത്യേകം ഓർക്കാം. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അവയുടെ സ്ഥാപന ലക്ഷ്യങ്ങളിൽ നിലനിൽത്താൻ നമുക്ക് പരിശ്രമിക്കാം.


ജൂൺ 9 ഞായറാഴ്ച പരിസ്ഥിതി ഞായർ ആയി ആചരിക്കുന്നു. 'സൃഷ്ടിയുടെ സമഗ്രത ക്രിസ്തുവിൽ' എന്നതാണ് ധ്യാനവിഷയം. സൃഷ്ടിയുടെ സമഗ്രത നഷ്ടപ്പെട്ടത് പാപം മൂലമാണ്. ക്രിസ്തുവാണ് പാപമോചകനും സമഗ്രത വീണ്ടെടുക്കുന്നവനും. പുതിയ ആകാശവും പുതിയ ഭൂമിയും ക്രിസ്തുവിലൂടെ നിറവേറ്റപ്പെടുന്ന രക്ഷാ പദ്ധതിയുടെ ഭാഗമാണ്. സർവ സൃഷ്ടിയും ദൈവപുത്രന്റെ വെളിപാടിനായി ഈറ്റുനോവോടെ കാത്തിരിക്കുകയാണല്ലോ. നമ്മുടെ ആത്മിക ദർശനങ്ങൾ കൂടുതൽ പ്രകൃതി സൗഹാർദ്ദപരമായി തീരേണ്ടത് അനിവാര്യമാണല്ലോ. പരിസ്ഥിതി ഞായർ ആചരണം അർത്ഥവത്തായി തീരാൻ പ്രാർത്ഥിക്കാം.

ജൂൺ 16 ഞായർ, ശ്ലീഹാ നോമ്പ് ആരംഭ ദിനമാണ്. അപ്പോസ്തോലിക സഭയായ മാർത്തോമ്മാ സഭ യേശുവിന്റെയും അവിടുത്തെ ശിഷ്യരുടെയും ഉപദേശങ്ങളിലും അവരുടെ ജീവിത സാക്ഷ്യത്തിലും അടിസ്ഥാനപെട്ടിരിക്കുന്നു. നാം എല്ലാവരും ക്രിസ്തു ശിഷ്യരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ദമസ്കൊസിലെ ശിഷ്യനായിരുന്ന അനന്യാസ് കാട്ടിയ അനുസരണവും പ്രതിബദ്ധതയുമാണ് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. പന്ത്രണ്ടു അപ്പോസ്തലന്മാരെപ്പോലെ തന്നെ യേശു സാന്നിധ്യം അറിയുവാനും അയക്കപ്പെടാനും ഏവർക്കും ഭാഗ്യം ഉണ്ടാകേണ്ടതാണ്. നമ്മുടെ സമ്പർക്കത്തിൽ വരുന്ന മനുഷ്യരെ ക്രിസ്തുവിനു വേണ്ടി സ്വാധീനിക്കുവാൻ നമുക്കും സാധിക്കുക എന്ന വെല്ലുവിളിയാണ് ശ്ലീഹാ നോമ്പ് നമുക്ക് നൽകുന്നത്.

ജൂൺ 23, ഞായറാഴ്ച 'ക്രൂശ് വഹിക്കാനുള്ള വിളി' എന്ന ചിന്താ വിഷയം സഭ ധ്യാനിക്കുന്നു. ദൈവ വിരുദ്ധതകളുടെ മദ്ധ്യത്തിൽ ദൈവ ഹിതം അനുസരിക്കുന്നതിന്റെ പ്രതീകമായിരുന്നു യേശുവിന്റെ കുരിശ്. പഴയനിയമ വായനയിൽ, സത്യ ആരാധന നിരോധിച്ച കരിനിയമം ലംഘിക്കാൻ ദാനിയേൽ തീരുമാനിച്ചത് 'കുരിശ് വഹിക്കൽ' തന്നെ ആയിരുന്നു എന്ന് നാം കാണുന്നു. മരണത്തെ അതിജീവിക്കുന്ന ദൈവ ശക്തി അദ്ദേഹം അനുഭവിക്കുകയും പ്രകടമാക്കുകയും ചെയ്തു. ഇന്നും ദൈവരാജ്യത്തെ പ്രതിയുള്ള കഷ്ട സഹനങ്ങൾ ഉയിർത്തെഴുന്നേൽപ്പിന്റെ ബോധ്യത്തോടെ അഭിമുഖീകരിക്കാൻ ക്രിസ്തു ശിഷ്യർ വിളിക്കപ്പെട്ടിരിക്കുന്നു. വ്യാവഹാരിക ജീവന ഇടങ്ങളിൽ അതിജീവന ബോധ്യത്തോടെ നിലനിൽക്കുന്ന ക്രിസ്തു സാക്ഷികൾ ആണ് ഈ കാലഘട്ടത്തിന്റെ ആവശ്യം.

ജൂൺ 30 ഞായറാഴ്ച, 'യേശുക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷതയും ജാഗരൂകരാകേണ്ട ശിഷ്യരും' എന്ന വിഷയം സഭ ധ്യാനിക്കുന്നു. കർത്താവിന്റെ മഹത്വ പ്രത്യക്ഷത കർത്താവിന്റെ രക്ഷാപദ്ധതിയുടെ അനുഭവ പൂർത്തീകരണം ആണല്ലോ. കർത്താവിന്റെ മഹാ പ്രഭാവ പൂർണമായ രണ്ടാമത്തെ വരവിനായി സഭ നോക്കി പാർക്കുകയാണ്. കർത്താവിന്റെ ആദ്യ വരവിനും രണ്ടാമത്തെ വരവിനും ഇടയിലുള്ള കാലം പരിശുദ്ധാത്മ ശക്തിയിൽ സദാ ഉണർവോടെ സുവിശേഷത്തിന്റെ സാക്ഷികൾ ആകാൻ കർത്താവ് തന്റെ ശിഷ്യരോട് ആവശ്യപ്പെട്ടു. നാം ജീവിക്കുന്ന കാലയളവിൽ രക്ഷണ്യ സുവിശേഷത്തിന്റെ നല്ല സാക്ഷികൾ ആകാൻ നമുക്കും കൂടുതൽ സമർപ്പിതരാകാം. അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.



പൂലാത്തീൻ
27.05.2024

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**